"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- 2023 മാർച്ച് മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി - ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4368/2023/FIN തീയതി,തിരുവനന്തപുരം, 08-06-2023

പരാമർശം:-
1. സ.ഉ (എം.എസ്) നം. 16/2021/ധന തീയതി 03/02/2021
2. സ.ഉ (സാധാ) നം. 2805/2022/ധന തീയതി 07.04.2022
3. സ.ഉ (കൈ) നം. 89/2022/ധന തീയതി 25/05/2022
4. സ.ഉ (സാധാ) നം. 4658/2022/ധന തീയതി 27/06/2022
5. സ.ഉ (സാധാ) നം.6030/2022//ധന തീയതി 25/08/2022
6. സ.ഉ (സാധാ) നം. 6557/2022/ധന തീയതി 26/09/2022
7. സ.ഉ (സാധാ) നം. 8200/2022/ധന തീയതി 03/12/2022
8. സ.ഉ (സാധാ) നം. 1320/2023/ധന തീയതി 23/02/2023
9. സ.ഉ (സാധാ) നം. 2927/2023/ധന തീയതി 10/04/2023
10. സ.ഉ (സാധാ) നം. 2931/2023/ധന തീയതി 10/04/2023
11. പഞ്ചായത്ത് ഡയറക്ടറുടെ 07.06.2023 - ലെ LSGD/PD/24509/2023-SSP2 നമ്പർ കത്ത്.

**ഉത്തരവ്**

ഗുണഭോക്താക്കളുടെ താത്പര്യ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നല്കിവരുന്നു . 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (10) പ്രകാരം അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. 50,48,980 ഗുണഭോക്താക്കൾ ക്ക് 2023 മാർച്ച് മാസത്തിലേയ്ക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 750,55,52,000/-രൂപ (എഴുന്നൂറ്റി അമ്പതു കോടി അമ്പത്തിയഞ്ച് ലക്ഷത്തി അമ്പത്തിരണ്ടായിരം രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (11) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ (NSAP) വരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലെ 5,90,103 ഗുണഭോക്താക്കൾ ക്ക് N S A P വിഹിതം നൽകുന്നതിനായി 19,92,44,700/-രൂപ (പത്തൊമ്പതു കോടി തൊണ്ണൂറ്റിരണ്ടു ലക്ഷത്തി നാല്പത്തിനാലായിരത്തി എഴുന്നൂറ് രൂപ മാത്രം) ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 50,48,980 ഗുണഭോക്താക്കൾക്ക്

2023 മാർച്ച് മാസത്തിലേയ്ക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 750,55,52,000/-രൂപ (എഴുന്നൂറ്റി അമ്പതു കോടി അമ്പത്തിയഞ്ച് ലക്ഷത്തി അമ്പത്തിരണ്ടായിരം രൂപ മാത്രം) സംസ്ഥാനത്തിന്റെ വിഹിതമായി അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2023 മാർച്ച് മാസത്തെ 50,48,980 ഗുണഭോക്താക്കൾക്ക് (ബാങ്ക് 26,57,258 + ഡി.ടു.എച്ച് 23,91,722) സാമൂഹ്യസുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 750,55,52,000/--രൂപയിൽ (എഴുന്നൂറ്റി അമ്പതു കോടി അമ്പത്തിയഞ്ച് ലക്ഷത്തി അമ്പത്തിരണ്ടായിരം രൂപ മാത്രം) സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 384,94,43,100/- രൂപ (മുന്നൂറ്റി എൺപത്തിനാല് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി നാല്പത്തി മൂവായിരത്തി ഒരുന്നൂറു രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ:67234515304 (IFS Code : SBIN0070028), നേരിട്ട് വീട്ടുകളിൽ വിതരണത്തിനാവശ്യമായ 365,61,08,900/- രൂപ (മുന്നൂറ്റി അറുപത്തിയഞ്ചു കോടി അറുപത്തിയൊന്നു ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരം രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ: 799012100000001), കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു.

4. ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ (NSAP) വരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലെ 5,90,103 ഗുണഭോക്താക്കൾ ക്ക് NSAP വിഹിതം നൽകുന്നതിനായി 19,92,44,700/- (പത്തൊമ്പതു കോടി തൊണ്ണൂറ്റിരണ്ടു ലക്ഷത്തി നാല്പത്തിനാലായിരത്തി എഴുന്നൂറു രൂപ മാത്രം ) രൂപ പഞ്ചായത്ത് ഡയറക്ടറുടെ എസ്.എൻ.എ അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്തു നൽകുന്നതിനും ആയത് പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് വിതരണം ചെയ്യുന്നതിനും അനുവാദം നൽകുന്നു. ടി തുക പഞ്ചായത്ത് ഡയറക്ടറുടെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

5. പെൻഷൻ വിതരണം 08/06/2023 മുതൽ തന്നെ ആരംഭിയ്ക്കേണ്ടതും 17/06/2023-നുള്ളിൽ പൂർത്തീകരിയ്ക്കേണ്ടതുമാണ്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന

തുക 2023 ജൂൺ 25-നകം കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 110110801000251 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

6. കോവിഡ് പശ്ചാത്തലത്തിൽ എല്ലാ മുൻ കരുതലുകളും എടുത്താണ് പെൻഷൻ വിതരണം നടത്തുന്നതെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ.ബി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

Haj Lovil

സെക്ഷൻ ഓഫീസർ

| അനുബന്ധം I | | | | | | | |
|---|---|---|---|---|---|---|---|
| 2023 മാർച്ച് മാസത്തെ പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ | | | | | | | |
| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | | ഡയറക്റ്റ് ടു ഹോം (രൂപ) | | ആകെ (രൂപ) | |
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ | 6258 | 9912800 | 14613 | 23025800 | 20871 | 32938600 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 159800 | 233550900 | 169686 | 255231600 | 329486 | 488782500 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 18107 | 28446500 | 20105 | 31669000 | 38212 | 60115500 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3933 | 6149800 | 5750 | 8993000 | 9683 | 15142800 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 70158 | 102499500 | 65181 | 102304600 | 135339 | 204804100 |
| | ആകെ | **258256** | **380559500** | **275335** | **421224000** | **533591** | **801783500** |
| മുനിസിപ്പൽ കോർപ്പറേഷൻ | കർഷക തൊഴിലാളി പെൻഷൻ | 2130 | 3363000 | 1256 | 1988600 | 3386 | 5351600 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 138723 | 201332500 | 71884 | 110372400 | 210607 | 311704900 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 17473 | 27413400 | 6884 | 10881400 | 24357 | 38294800 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 5063 | 7907800 | 3273 | 5128800 | 8336 | 13036600 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 75808 | 108840900 | 23082 | 36234200 | 98890 | 145075100 |
| | ആകെ | **239197** | **348857600** | **106379** | **164605400** | **345576** | **513463000** |
| ഗ്രാമപഞ്ചാ | കർഷക തൊഴിലാളി | 119266 | 186603600 | 210860 | 330854000 | 330126 | 517457600 |

| | | | | | | | |
|---|---|---|---|---|---|---|---|
| യത്ത് | പെൻഷൻ | | | | | | |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1221715 | 1736628700 | 1085603 | 1621340800 | 2307318 | 3357969500 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 172622 | 271148800 | 171622 | 271251200 | 344244 | 542400000 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 28634 | 44737400 | 38404 | 59979400 | 67038 | 104716800 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 617568 | 880907500 | 503519 | 786854100 | 1121087 | 1667761600 |
| | ആകെ | **2159805** | **3120026000** | **2010008** | **3070279500** | **4169813** | **6190305500** |
| ആകെ മൊത്തം | | **2657258** | **3849443100** | **2391722** | **3656108900** | **5048980** | **7505552000** |

| അനുബന്ധം II | | | | | | | | |
|---|---|---|---|---|---|---|---|---|
| 2023 മാർ ച്ച് മാസത്തെ എൻ.എസ്.ഏ.പി പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ | | | | | | | | |
| പെൻഷൻ ഇനം | മുനിസിപ്പാലിറ്റി | | കോർപ്പറേഷൻ | | ഗ്രാമ പഞ്ചായത്ത് | | ആകെ | |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 33207 | 8519100 | 33997 | 8879300 | 310377 | 78744300 | 377581 | 96142700 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 545 | 165700 | 518 | 158400 | 6264 | 1906400 | 7327 | 2230500 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 15911 | 7848300 | 18229 | 8922900 | 171055 | 84100300 | 205195 | 100871500 |
| **ആകെ** | **49663** | **16533100** | **52744** | **17960600** | **487696** | **164751000** | **590103** | **199244700** |